# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4787** **22.03.2018-ൽ മറുപടിക്ക്**

## വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായുള്ള നടപടികൾ

| | ചോദ്യം<br>ശ്രീ. കെ.എസ്.ശബരീനാഥൻ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിൽ ലോഡ് ഷെഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര മെഗാവാട്ട് വൈദ്യുതിയുടെ കുറവാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്; ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളത്; ഇതിനായിട്ടുള്ള പദ്ധതികളും കരാറുകളും എന്നാണ് നടത്തിയിട്ടുള്ളത്; | (എ) | ഇല്ല. |
| (ബി)<br><br><br><br><br><br><br><br>(സി) | സംസ്ഥാന വൈദ്യുതി ബോർഡ് ദീർഘകാല അടിസ്ഥാനത്തിൽ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായി എന്തെല്ലാം പരിപാടികളാണ് എടുത്തിട്ടുള്ളത്; ഇതിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ലഭ്യമാകുന്നത്; ഇത് എന്നാണ് തുടങ്ങിയത്; വിശദാംശങ്ങൾ നൽകാമോ;<br><br>നിലവിൽ സംസ്ഥാനത്ത് പുറമേ നിന്നും വൈദ്യുതി വാങ്ങുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര മെഗാവാട്ട് വൈദ്യുതിയാണ് വാങ്ങുന്നത്; ഇതു സംബന്ധിച്ച കരാറുകൾ എന്നാണ് ആരംഭിച്ചത്; വ്യക്തമാക്കാമോ? | (ബി) & (സി) | സംസ്ഥാന വൈദ്യുതി ബോർഡ് ദീർഘകാല അടിസ്ഥാനത്തിൽ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായി എടുത്തിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>1. കേന്ദ്ര ഊർജ്ജമന്ത്രാലയം അനുവദിക്കുന്ന വൈദ്യുതി വിഹിതമനുസരിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലമിറ്റഡ് കേന്ദ്ര വൈദ്യുത നിലയങ്ങളിൽ നിന്നുള്ള വിഹിതം (കേന്ദ്ര പൂളിൽ നിന്നും ) ദീർഘ കാല അടിസ്ഥാനത്തിൽ 1682.97 മെഗാ വാട്ട് വൈദ്യുതി വാങ്ങുന്നുണ്ട്.<br>**2.കേരളത്തിന് പുറത്ത് നിന്നും ദീർഘകാല അടിസ്ഥാനത്തിൽ ഏർപ്പെട്ടിട്ടുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ.**<br>a. <u>ധാരണാപത്രം മുഖേന (Mou Route)</u><br>ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ട് 2003 -ലെ സെക്ഷൻ 62 അനുസരിച്ച് മൈതൺ പവർ ലിമിറ്റഡിൽ നിന്നും (Maithon Power Limited MPL-TATA Power) ദാമോദർ വാലി കോർപ്പറേഷനിൽ നിന്നും (Damodhar Valley Corporation (DVC)) ധാരണാപത്രം വഴി കരാറിൽ ഏർപ്പെട്ട് CERC നിശ്ചയിച്ച നിരക്കിൽ 450 മെഗാവാട്ട് വൈദ്യുതി ദിവസം മുഴുവനും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ അനുമതിയോടെ വാങ്ങുവാൻ ദീർഘകാല കരാറിലേർപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 1 ആയി |

| | | | |
|---|---|---|---|
| | | | ചേർത്തിരിക്കുന്നു.<br>b. ടെൻഡർ മുഖേന (Bidding Route)<br>ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ട് 2003-ലെ സെക്ഷൻ 63 അനുസരിച്ച് കേന്ദ്ര സർക്കാറിന്റെ നിയമാവലിക്കനുസൃതമായി സുതാര്യമായ ടെൻഡർ നടപടി ക്രമത്തിലൂടെ നിർണ്ണയിക്കുന്ന വൈദ്യുതിയുടെ വിലയുടെ അടിസ്ഥാനത്തിൽ അതാത് റഗുലേറ്ററി കമ്മീഷൻ അംഗീകാരത്തോടെ വിതരണ ലൈസൻസിക്ക് വാങ്ങാവുന്നതാണ്. ഇഇപ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച DBFOO (ഡിസൈൻ, ബിൽഡ്, ഫിനാൻസ്, ഓൺ, ഓപ്പറേറ്റ്) നിയമാവലിയുടെ അടിസ്ഥാനത്തിൽ 765 മെഗാവാട്ട് വൈദ്യുതി ദിവസം മുഴുവനും (24 hrs) വാങ്ങുവാനായി ദീർഘകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.<br>**3.കേരളത്തിന് ഉള്ളിൽ നിന്നുമുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ.**<br>ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ട് 2003 -ലെ സെക്ഷൻ 62 അനുസരിച്ച് കേരളത്തിലുള്ള സ്വകാര്യ സംരംഭകരുടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ കാറ്റ്, തുടങ്ങിയവയിൽ നിന്നും ധാരണാപത്രം വഴിയുള്ള കരാറുകളിൽ ഏർപ്പെട്ട് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നിഷ്കർഷിക്കുന്ന നിരക്കിൽ ഏകദേശം 74 മെഗാവാട്ട് വൈദ്യുതി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വാങ്ങുന്നുണ്ട്.<br>**4.പവർ എക്സ്ചേഞ്ചിൽ നിന്നുള്ള വൈദ്യുതി വാങ്ങൽ**<br>ജലസംഭരണികളിലെ വെള്ളം സംരക്ഷി ക്കുന്നതിനായി വൈദ്യുതകമ്പോളത്തിലെ വില കുറവുള്ള സമയത്ത് കെ.എസ്.ഇ.ബി.യുടെ ലോഡ് ഡെസ്പ്പാച്ച് സെന്റർ (LD Kalamassery) ഡേ എഹഡ് (day ahead) ടേം എഹഡ് (term ahead) വ്യവസ്ഥകളിലൂടെ പവർ എക്സ്ചേഞ്ചിൽ നിന്നും വൈദ്യുതി ആവശ്യാനുസരണം വാങ്ങുന്നു. ആഭ്യന്തര ഉത്പാദനം പരമാവധിയാക്കുക എന്നത് വൈദ്യുത ക്ഷാമം പരിഹരിക്കുന്നതിനായുള്ള ദീർഘകാല പരിപാടികളുടെ ഭാഗമാണ്. |

Hemalatha

സെക്ഷൻ ഓഫീസർ

4387

അനുബന്ധം - I

## സ്വകാര്യ സംരംഭകരിൽ നിന്നും വാങ്ങുന്ന വൈദ്യുതി

### Existing Power Purchase Contracts from outside Kerala- IPPs

**I. Independent Power Producers outside Kerala- MoU Route**

| Type | ക്രമ നമ്പർ | വൈദ്യുതി നിലയത്തിന്റെ പേര് | സംസ്ഥാനം | കെ.എസ്.ഇ.ബി.എൽ.-ന്റെ വിഹിതം | കരാർ തുടങ്ങുന്ന തീയതി | കരാർ അവസാനിക്കുന്ന തീയതി | ആകെ തുക Rs./kWh | മറ്റു വിവരങ്ങൾ |
|---|---|---|---|---|---|---|---|---|
| Long Term | 1 | മൈത്തോൺ പവർ ലിമിറ്റഡ് - I | ജാർഖണ്ഡ് | 150 | 30/12/2013 | 23/07/2042 | 3.62 | PPA approved by KSERC, Tariff approved by CERC |
| | 2 | മൈത്തോൺ പവർ ലിമിറ്റഡ് - II | ജാർഖണ്ഡ് | 150 | 29/06/2015 | | | |
| | 3 | ദാമോദർവാലി കോർപ്പറേഷൻ (ഡി.വി.സി) – മെയ്ജ | വെസ്റ്റ് ബംഗാൾ | 100 | 24/04/2014 | 03/03/2041 | 4.24 | |
| | 4 | ദാമോദർവാലി കോർപ്പറേഷൻ (ഡി.വി.സി) – രഘുനാഥ്പൂർ * | വെസ്റ്റ് ബംഗാൾ | 50 | 24/04/2014 | 01/05/2041 | 4.94 | |
| | | ആകെ | | 450 | | | | |

**II. Independent Power Producers outside Kerala- Bidding Route** അനുബന്ധം -2

| Type | ക്രമ നമ്പർ | വൈദ്യുതി നിലയത്തിന്റെ പേര് | സംസ്ഥാനം | കെ.എസ്.ഇ.ബി. എൽ.-ന്റെ വിഹിതം | കരാർ തുടങ്ങുന്ന തീയതി | കരാർ അവസാനിക്കുന്ന തീയതി | ആകെ തുക Rs./kWh |
|---|---|---|---|---|---|---|---|
| Long Term | 1 | ജിൻഡല് പവർ ലിമിറ്റഡ് | ഛത്തീസ്ഗഡ് | 200 | 01/12/2016 | 30/11/2040 | 3.97 |
| | 2 | ജാംബുവ പവർ ലിമിറ്റഡ് | മദ്ധ്യപ്രദേശ് | 115 | 01/12/2016 | 30/12/2040 | 3.86 |
| | 3 | ബാൽകോ | ഛത്തീസ്ഗഡ് | 100 | 01/10/2017 | 30/09/2040 | 4.31 |
| | 4 | ജിൻഡല് പവർ ലിമിറ്റഡ് | ഛത്തീസ്ഗഡ് | 150 | 01/10/2017 | 30/09/2040 | 4.56 |
| | 5 | ജാംബുവ പവർ ലിമിറ്റഡ് | മദ്ധ്യപ്രദേശ് | 100 | 01/10/2017 | 30/09/2040 | 4.59 |
| | 6 | ജിൻഡല് ഇന്ത്യാ തെർമല് പവർ ലിമിറ്റഡ് | ഒഡീഷ | 100 | 01/10/2017 | 30/09/2040 | 4.31 |
| | | ആകെ | | 765 | | | |

Hemalatha
സെക്ഷൻ ഓഫീസർ